LIBRARY ARCHIVES Kerala Legislative Assembly

## നാട്ടിക മണ്ഡലത്തിലെ സരയൂ ടൂറിസം പദ്ധതി

**314 (2870)** ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാട്ടിക മണ്ഡലത്തിൽ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ സരയൂ ടൂറിസം പദ്ധതി പൂർത്തിയായിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് ആർക്കിയോളജി അനുമതി ലഭ്യമായിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ;

(സി) ആർക്കിയോളജി വകുപ്പ് ആവശ്യപ്പെട്ട സരയൂ പദ്ധതി സംബന്ധിച്ച രേഖകൾ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ?

ഉത്തരം

(എ-സി) നാഷണൽ മോണുമെന്റ് അതോറിറ്റിയുടെ അനുമതി ലഭിക്കാത്തതുമൂലം സരയൂ പദ്ധതി പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. സരയൂ പദ്ധതിക്ക് അനുമതി നൽകുന്നതിനാവശ്യമായ രേഖകൾ പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിനായി ആർക്കിയോളജി ഡയറക്ടറെ നാഷണൽ മോണുമെന്റ് അതോറിറ്റി ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ അനുമതിക്കാവശ്യമായ രേഖകൾ ഇതിനോടകം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ ആർക്കിയോളജി ഡറയക്ടർക്ക് കൈമാറിയിട്ടുണ്ട്.

## കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്

**315 (2871)** ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. എം. ഹംസ :
ശ്രീ. സാജു പോൾ :
ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ. ലിമിറ്റഡ് എന്ന കമ്പനിയുടെ പ്രവർത്തനം സംബന്ധിച്ച വിശദവിവരങ്ങൾ നൽകാമോ ; കമ്പനി നിലവിൽ വന്നത് എന്നാണ് ;